**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4536** **29-10-2021 - ൽ മറുപടിയ്ക്ക്**

**നോൺ ഫോറസ്റ്റ് ഏരിയയ്ക്കായി വിജ്ഞാപനം ചെയ്യപ്പെട്ട കോഴിക്കോട് ജില്ലയിലെ വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ് പ്രകാരം കോഴിക്കോട് ജില്ലയിൽ വിജ്ഞാപനം ചെയ്ത വില്ലേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ് പ്രകാരം കോഴിക്കോട് ജില്ലയിൽ വിജ്ഞാപനം ചെയ്ത വില്ലേജുകൾ താഴെപ്പറയും പ്രകാരമാണ്. 1) ചെമ്പനോട വില്ലേജ്- കൊയിലാണ്ടി താലൂക്ക് 2) കാവിലുമ്പാറ വില്ലേജ് - വടകര താലൂക്ക് 3) കോടഞ്ചേരി വില്ലേജ് - താമരശ്ശേരി താലൂക്ക് |
| (ബി) | ഇതര വില്ലേജുകളിൽ നിന്നും വ്യത്യസ്തമായി വിജ്ഞാപനം ചെയ്യപ്പെട്ട വില്ലേജുകളിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ; | (ബി) | വിജ്ഞാപനം ചെയ്യപ്പെട്ട വില്ലേജുകളിൽ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ് 2011 സെക്ഷൻ 5,6,7 പ്രകാരമുള്ള നിയന്ത്രണങ്ങളാണ് ബാധകമായിട്ടുള്ളത്. |
| (സി) | വനാതിർത്തികളിൽ ജണ്ട കെട്ടേണ്ട ഉത്തരവാദിത്തം ആർക്കാണ് എന്ന് അറിയിക്കുമോ; ജണ്ട കെട്ടാനുള്ള ചെലവ് സ്ഥലമുടമകൾ വഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വനാതിർത്തികളിൽ ജണ്ട കെട്ടേണ്ട ഉത്തരവാദിത്വം വനം വകുപ്പിൽ നിക്ഷിപ്തമാണ്. ജണ്ട കെട്ടാനുള്ള ചെലവ് സ്ഥലമുടമകൾ വഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. 4406-01-101-99-01-00-00-SFBഎന്ന ശീർഷകത്തിൽ ലഭിക്കുന്ന അലോട്ട്മെന്റ് ഉപയോഗിച്ചാണ് ജണ്ട കെട്ടുന്ന പ്രവൃത്തി നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ